നേരത്തെ ചില തീരുമാനങ്ങളൊക്കെ എടുത്തിരുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയില്ല. അവരെ പുനരധിവസിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ; ഇപ്പോഴത്തെ റയിൽവേ ബഡ്ജറ്റിലും അടുത്ത മാർച്ചിനുശേഷം പുനലൂർ-കൊല്ലം സെക്ടറിന്റെ പണി ആരംഭിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അവരെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ മുമ്പിൽ എന്തെങ്കിലും നിർദ്ദേശമുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ഇ. ഇസ്മയിൽ : അതിന്റെ വിശദാംശങ്ങൾ എനിക്കറിയില്ല. സാധാരണഗതിയിൽ ഭൂമി അക്വയർ ചെയ്യുമ്പോൾ അക്വിസിഷൻ നടപടി പൂർത്തിയാക്കി അവരെ ഒഴിപ്പിക്കുക എന്നതല്ലാതെ അവരുടെ പുനരധിവാസം എന്ന ഒരു വിഷയത്തിൽ .....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : റെയിൽവേയുടെ സ്ഥലത്ത് താമസിക്കുന്നവരാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഗവൺമെന്റ് പ്രത്യേകം തീരുമാനമെടുത്ത് അവരെ മാറ്റാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. അതിന്റെ വിശദാംശങ്ങൾ കിട്ടിയാൽ ആ അടിസ്ഥാനത്തിൽ പരിശോധിച്ച് പരിഹാരമുണ്ടാക്കാം.

വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കാൻ നടപടി

2 (*123) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതവേഗത്തിൽ ഓടുന്ന ബസുകളാണ് അപകടങ്ങൾക്കും യാത്രക്കാരുടെ മരണത്തിനും ഇടയാക്കുന്ന പ്രധാനഘടകമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ബസുകളുടെ അമിതവേഗത തടയുന്നതിനും അതിലൂടെ അപകടങ്ങൾ ഒഴിവാക്കുന്നതിനും, മോട്ടോർ വാഹനവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സംസ്ഥാനത്ത് ബസുകളുടെ അമിതവേഗത ഫലപ്രദമായി തടയുന്നതിന് സ്പീഡ് റഡാറുകൾ സ്ഥാപിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്പീഡ് റഡാറുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ ; ഇതിനകം ഏതൊക്കെ ജില്ലകളിലാണ് സ്പീഡ് റഡാറുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മോട്ടോർ വാഹനവകുപ്പിന്റെ അധീനതയിൽ ആവശ്യത്തിനുള്ള സ്പീഡ് റഡാറുകൾ ലഭ്യമാണോ കൂടുതൽ റഡാറുകൾ ലഭ്യമാക്കേണ്ടതുണ്ടോ ; എങ്കിൽ എവിടെ നിന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ ബസുകളുടെ അമിതവേഗത നിയന്ത്രിക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കേണ്ടതുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്ത് ഇപ്പോൾ എത്ര വാഹനങ്ങൾ ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് അറിയിക്കുമോ ;

(ഐ) സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ അവയുടെ അമിതവേഗത നിയന്ത്രിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി, (ശ്രീ. സി. കെ. നാണു) :

(എ) അമിതവേഗത്തിൽ ഓടുന്ന ബസുകൾ വാഹന അപകടങ്ങൾക്കുള്ള ഒരു ഘടകമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസുകളുടെ അമിതവേഗത കൊണ്ടുണ്ടാകുന്ന അപകടങ്ങൾ മാത്രമായി വിലയിരുത്തൽ നടത്തിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) മോട്ടോർ വാഹനവകുപ്പ് രണ്ട് ഹാൻഡ് ഹെൽഡ് സ്പീഡ് റഡാറുകൾ വാങ്ങി മദ്ധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും. ദക്ഷിണമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ, കൊല്ലം, കോട്ടയം, കണ്ണൂർ ജില്ലകളിലെ കളക്ടർമാർ റോഡ് സുരക്ഷാഫണ്ട് ഉപയോഗിച്ച് ഹാൻഡ് ഹെൽഡ് സ്പീഡ് റഡാറുകൾ വാങ്ങി അതാതു ജില്ലകളിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ 6 സ്പീഡ് റഡാറുകൾക്കുകൂടി മോട്ടോർ വാഹന വകുപ്പ് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

(ഇ) ഉദ്ദേശമുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിലും മധ്യമേഖലയിലെയും, ദക്ഷിണ മേഖലയിലെയും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും ഇപ്പോൾ ഹാൻഡ് ഹെൽഡ് സ്പീഡ് റഡാറുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) നിലവിൽ എല്ലാ ഓഫീസുകൾക്കും സ്പീഡ് റഡാറുകൾ നൽകിയിട്ടില്ല. കൂടുതൽ റഡാറുകൾ ലഭ്യമാക്കേണ്ടത് ആവശ്യമാണ്. ഹിന്ദുസ്ഥാൻ എയറോനോട്ടിക് ലിമിറ്റഡ്, ഹൈദരാബാദ് മാത്രമാണ് ഇപ്പോൾ ഇൻഡ്യയിൽ സ്പീഡ് റഡാറുകൾ നിർമ്മിക്കുന്നത്. അതുകൊണ്ട് മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നുമാണ് സ്പീഡ് റഡാറുകൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

(ജി) വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനും മറ്റു ട്രാഫിക് കുറ്റങ്ങൾ കണ്ടുപിടിച്ച് നടപടികൾ എടുക്കുന്നതിനും എൻഫോഴ്സ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്ക്വാഡുകൾ ആവശ്യമാണ്. ഇപ്പോൾ 5 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എച്ച്) ഉണ്ട്. 31-3-2000-ൽ സംസ്ഥാനത്ത് ആകെ 19,10,237 വാഹനങ്ങൾ ഉണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഐ) അമിതവേഗത നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. കുമാരൻ : വാഹനങ്ങളുടെ അമിത വേഗത പ്രധാനമായും ഡ്രൈവർമാർ യാതൊരു നിയന്ത്രണവുമില്ലാതെ വാഹനം ഓടിക്കുന്നതിൽ നിന്നാണുണ്ടാകുന്നത്. ഇങ്ങനെ വാഹനമോടിക്കുന്നത് അപകടകരമാണെന്ന യാഥാർത്ഥ്യം അവരെ ബോദ്ധ്യപ്പെടുത്തുന്നതിനും വേഗത നിയന്ത്രിക്കുന്നതിനു മാവശ്യമായ ഒരു ബോധവൽക്കരണ പദ്ധതി ഡ്രൈവർമാർക്ക് നൽകുന്നതിനെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ; അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. കെ. നാണു : റോഡ് സുരക്ഷാവാരം, അതുപോലെ കഴിഞ്ഞ വർഷം ഒരു മാസം റോഡ് സുരക്ഷാമാസമായി ആചരിച്ചു. ആ ഘട്ടത്തിലും, ഇപ്പോൾ സ്ഥിരമായും പ്രത്യേകിച്ച് ബസ്, ലോറി എന്നിവ ഓടിക്കുന്ന ഡ്രൈവർമാരെ ഇതുസംബന്ധിച്ച് കുറെക്കൂടി വ്യക്തമായ വിവരങ്ങൾ ധരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. കെ. കുമാരൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സ്പീഡ് റഡാറുകൾ പ്രധാനമായും രണ്ടു മേഖലകളിൽ മാത്രമാണ് നൽകിയിട്ടുള്ളതെന്ന് ഇവിടെ സൂചിപ്പിച്ചു. അതുപോലെ കളക്ടർമാർക്ക് നൽകുന്ന റോഡ് സുരക്ഷാ ഫണ്ട് നാല് ജില്ലകളിൽ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് സ്പീഡ് റഡാറുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി. കെ. നാണു : എല്ലാ ജില്ലകളിലും സ്പീഡ് റഡാറുകൾ വയ്ക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആരംഭിച്ചിട്ടുണ്ട്. അതുപോലെ ഈ വാഹനങ്ങളുടെ അമിത വേഗതയും മറ്റും പരിശോധിക്കുന്നതിന് അഞ്ചു സ്ക്വാഡുകൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആ സ്ക്വാഡുകളുടെ പ്രവർത്തനം ഉടനേ ആരംഭിക്കുന്നതോടുകൂടി ഇതിനേക്കാളും കുറച്ചുകൂടി ഫലപ്രദമായ രീതിയിൽ വാഹനങ്ങളുടെ അമിതവേഗത തടയാൻ സാധിക്കും.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രി അമിതവേഗത നിയന്ത്രിക്കുന്നതിനുവേണ്ടി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുമെന്നു പറഞ്ഞു. ഈ സ്ക്വാഡുകളുടെ പ്രവർത്തനം കൊണ്ടൊന്നും അമിതവേഗത നിയന്ത്രിക്കുന്നതായോ അപകടങ്ങൾ കുറയ്ക്കുന്നതായോ കാണാൻ കഴിഞ്ഞിട്ടില്ല. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നതല്ല, നമ്മുടെ അനുഭവം അതാണ്. ട്രാഫിക് ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരായി കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : സംസ്ഥാന റോഡ് സുരക്ഷാവാരം നടക്കുന്ന അവസരത്തിലും അതുപോലെ അഖിലേന്ത്യാടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും സമ്മേളനത്തിലും അപകടമരണങ്ങൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച് പരിശോധിച്ച് അപകടങ്ങളുണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കാനും ഹെവി ലൈസൻസ് കിട്ടുന്ന ആർക്കും ബസും ലോറിയും ഓടിക്കാമെന്നുള്ളത് മാറ്റി കുറച്ചുകൂടി പ്രായമുള്ളവർക്ക് മാത്രം അത് കൊടുക്കുന്നതിനുമുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള പ്രശ്നങ്ങളടക്കം ചർച്ച ചെയ്ത് ലൈസൻസ് വരെ റദ്ദ് ചെയ്യാനുള്ള നടപടികളെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്.

ശ്രീ. എളമരം കരീം : വാഹനാപകട കേസുകളിൽ തൊഴിലാളികളെമാത്രം കുറ്റക്കാരാക്കുന്ന പ്രവണത നാനാമേഖലകളിൽ നിന്നും ഉയർന്നുവരുന്നുണ്ട്. ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കലാണ് ഈ പ്രശ്നത്തിനാകെ പരിഹാരം എന്ന നിലയിലുള്ള ചില വീക്ഷണങ്ങൾ പല മേഖലകളിൽനിന്നും ഉയർന്നുവരുന്നത് അത്ര ശരിയാണെന്ന് തോന്നുന്നില്ല. റോഡുകളുടെ അപര്യാപ്തതയും വാഹനങ്ങളുടെ എണ്ണപ്പെരുപ്പവും വാഹനങ്ങളുടെ കണ്ടീഷനിൽ — യന്ത്രത്തിൽ വരുന്ന തകരാറുകളും ഫുട്പാത്ത് ഇല്ലാത്ത റോഡുകളും ബസുകളുടെ യാത്രയ്ക്കു നൽകുന്ന സമയക്രമത്തിൽ വരുന്ന അപാകതകളും പല രീതിയിൽ, ഒരു കിലോമീറ്റർ ദൂരം ഓടുന്നതിന് രണ്ടും രണ്ടരയും മിനിട്ട്/— ഇങ്ങനെയൊക്കെ വരുന്ന നാനാവിധ പ്രശ്നങ്ങൾ സമഗ്രമായി ചർച്ച ചെയ്തുകൊണ്ട് ശാസ്ത്രീയമായ പരിഹാരം കാണുന്നതിന് ട്രേഡ് യൂണിയനുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. സി. കെ. നാണു : ബഹുമാനപ്പെട്ട അംഗം പറഞ്ഞതും ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. കേരളത്തിൽ വാഹനങ്ങളുടെ എണ്ണം ഇപ്പോൾ ഏതാണ്ട് 20 ലക്ഷം കവിഞ്ഞിരിക്കുകയാണ്. ഈ 20 ലക്ഷത്തിലധികം വരുന്ന വാഹനങ്ങൾ ഓടുന്നതിന് പര്യാപ്തമാകുന്ന രൂപത്തിൽ നമ്മുടെ റോഡുകൾ വീതി കൂട്ടാനോ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സഞ്ചരിക്കാനുള്ള സൗകര്യം ഏർപ്പെടുത്താനോ ഫുട്പാത്തുകൾ നിർമ്മിക്കാനോ ഒന്നും സാധിച്ചിട്ടില്ല. അത്തരത്തിലുള്ള പല പ്രധാനപ്പെട്ട പ്രശ്നങ്ങളും ഞാൻ ഈ പറഞ്ഞ ചർച്ചയിൽ വന്നിട്ടുണ്ട്. വാഹനങ്ങളുടെ വർദ്ധനവിനോടൊപ്പം റോഡുകൾ വീതി കൂട്ടാനോ യാത്രക്കാർക്ക് നടന്നുപോകാനോ ഉള്ള സൗകര്യം ഉണ്ടായിട്ടില്ല. എന്നാലും ഞാൻ പറയുന്നത് ഇവിടെയുണ്ടായ വാഹനാപകടങ്ങൾ വിലയിരുത്തുന്ന അവസരത്തിൽ, വാഹനാപകടം ഉണ്ടായതിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ വിലയിരുത്തുമ്പോൾ ഡ്രൈവർമാരുടെ പ്രാഗത്ഭ്യക്കുറവ് അല്ലെങ്കിൽ ഡ്രൈവർമാരുടെ അശ്രദ്ധ ഒരു പ്രധാനപ്പെട്ട ഘടകമായിട്ടുണ്ട്. പക്ഷേ ഏതായാലും അത് പരിഹരിക്കാൻ കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റ് പല സംസ്ഥാനങ്ങളിലേതിനെക്കാളും വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. റോഡ് അതിനനുസരിച്ച് .....

മി. സ്പീക്കർ : വാഹനങ്ങളുടെ വർദ്ധനവിന് ഒരു നിയന്ത്രണം വരുത്താൻ എന്തെങ്കിലും നടപടി ഉണ്ടോ ? ചില വിദേശരാജ്യങ്ങളിൽ വാഹനങ്ങൾക്ക് ഒരു

ദിവസം ഹോളിഡേ കൊടുക്കുമെന്ന് ഞാൻ കേട്ടിട്ടുണ്ട്. അപ്പോൾ ഏഴ് ദിവസം എന്നുള്ളതിൽ ആറ് ദിവസമേ വാഹനം ഓടിക്കാവൂ. ഒരു ദിവസം വാഹനം ഓടിക്കാൻ പാടില്ല. അങ്ങനെയൊക്കെയുള്ള ചില ക്രമീകരണങ്ങൾ വിദേശരാജ്യങ്ങളിൽ ഉണ്ട്. ഇവിടെ അങ്ങനെ എന്തെങ്കിലും സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. സി. കെ. നാണു : ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട, മാതൃകാപരമായ നിർദ്ദേശമാണ്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം വാഹനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് നിർത്തലാക്കിയാൽ, അല്ലെങ്കിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയാൽ തൊട്ടടുത്ത സംസ്ഥാനങ്ങളിൽ നിന്ന് ഇഷ്ടംപോലെ രജിസ്ട്രേഷൻ നൽകാനും വാഹനങ്ങൾ കേരളത്തിൽ വരാനും ഇടയാകും. ആ വാഹനങ്ങളെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കുകയില്ല. അത് മാത്രമല്ല ഇൻഡ്യയിലെ മോട്ടോർവാഹന നിയമം നിയന്ത്രിക്കുന്നത് കേന്ദ്രഗവൺമെന്റാണ്. കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതിക്കനുസരിച്ച് നമ്മൾ ഒരു തീരുമാനം എടുക്കാൻ തുനിഞ്ഞാൽ പിറ്റേ ദിവസംതന്നെ കോടതി അതിനെ തടയുന്ന രൂപത്തിലുള്ള വകുപ്പുകളാണ് മോട്ടോർ വാഹന നിയമത്തിലുള്ളത്. പക്ഷേ ഇന്ന് എനിക്ക് തോന്നുന്നത് മൊത്തത്തിൽ മഹാരാഷ്ട്രയിലും അതുപോലെ കൂടുതൽ വാഹനങ്ങളുള്ള മറ്റ് സംസ്ഥാനങ്ങളിലും അപകടങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ തരത്തിൽ സംവിധാനം ഏർപ്പെടുത്തുന്നത് നമുക്ക് സാധിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം, നല്ല നിലയിലുള്ള ബസുകൾ ഓടിക്കുക എന്നതാണ്. ഇപ്പോൾ കേരളത്തിൽ കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നു എന്നു പറയുന്നതിൽ ബൈക്ക്, കാർ, ജീപ്പ് ഇവയാണ് കൂടുതലുള്ളത്. അപ്പോൾ അവയുടെ ഉപയോഗം കുറയ്ക്കുന്നതിന് കൂടുതൽ ദൂരത്തിനൊക്കെ നമ്മുടെ ബസുകൾ സജ്ജമാക്കിക്കഴിഞ്ഞാൽ വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് സ്വാഭാവികമായും സാധിക്കും. അതിനെ സംബന്ധിച്ചാണ് പ്രധാനമായും നമ്മൾ ഇപ്പോൾ ആലോചിക്കുന്നത്.

ശ്രീ. കെ. പി. എ. മജീദ് : അമിത വേഗതയ്ക്കുള്ള ധാരാളം കാരണങ്ങൾ ഇവിടെ പറഞ്ഞു. എനിക്ക് തോന്നുന്നത് ബസ് സർവ്വീസ് അനുവദിക്കുമ്പോൾ അതിന്റെ റണ്ണിംഗ് ടൈം കൂട്ടണമെന്നതാണ്. ഇപ്പോൾ കോഴിക്കോട്-വടകര റൂട്ടിൽ ഓരോ ഈരണ്ട് മിനിട്ട് കൂടുമ്പോഴും ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ബസുകൾ തമ്മിൽ മത്സരിച്ചോടുകയാണ്. ഇല്ലെങ്കിൽ അവർക്ക് നിശ്ചിത സമയത്തിനകം എത്താൻ കഴിയില്ല. ആർ. ടി. ഒ. മാരുടെ കോൺഫറൻസ് കൂടിയാലും ഈരണ്ട് മിനിട്ട് വച്ചാണ് സമയം കൊടുക്കുന്നത്. അതുകൊണ്ട് അവർ വേഗത്തിൽ വാഹനം ഓടിക്കാൻ നിർബന്ധിതരാകുകയാണ്. അമിത വേഗതകൊണ്ടാണ് അപകടം ഉണ്ടാകുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാവുന്നതാണ്.

ശ്രീ. സി. കെ. നാണു : ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, വളരെ ഗൗരവമായതും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചതും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്ത കാര്യമാണ്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ റണ്ണിംഗ് ടൈം ഏകീകരിക്കാൻ തീരുമാനിച്ചു. പഴയതും പുതിയതുമായി

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ ഏകീകരിക്കാൻ തുനിയുന്നതേയുള്ളു. അപ്പോൾ അതിനിടയ്ക്കുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം വിലയിരുത്തിക്കൊണ്ട് എല്ലാ വാഹനങ്ങളും ഒരേ സ്പീഡിൽ മാത്രമേ പോകാൻ പാടുള്ളു. അതിന് നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് വളരെ വേഗം പ്രാവർത്തികമാക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : ഇപ്പോൾ ഏകദേശം 19 ലക്ഷത്തോളം വണ്ടികളാണുള്ളത്. വണ്ടികളുടെ എണ്ണം പെരുകുന്നതിന്റെ അടിസ്ഥാനത്തിൽ റോഡ് സൗകര്യം വർദ്ധിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. വണ്ടിയുടെ ടാക്സ് പിരിക്കുന്ന പണം ഗവൺമെന്റിന്റെ കൈയിലുണ്ട്. വണ്ടികളുടെ എണ്ണം പെരുകുന്നതിനനുസരിച്ച് റോഡ് സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഫണ്ട് - പി. ഡബ്ല്യു. ഡി. യ്ക്ക് ഫണ്ടില്ലാത്തതാണല്ലോ കുഴപ്പം – റോഡ് ടാക്സായിട്ട് പിരിക്കുന്ന പണം മുഴുവൻ റോഡിന്റെ വികസനത്തിന് വേണ്ടി വിനിയോഗിക്കാനുള്ള ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. സി. കെ. നാണു : എനിക്ക് തോന്നുന്നത്, ഈ സംസ്ഥാനം റോഡിന്റെ വികസനത്തിനുവേണ്ടി ചെലവഴിക്കുന്ന ഫണ്ട് ചിലപ്പോൾ മറ്റു പല സംസ്ഥാനങ്ങളും റോഡിന്റെ വികസനത്തിനുവേണ്ടി ചെലവഴിക്കുന്നതിനേക്കാളും കൂടുതലായിരിക്കും എന്നാണ്. പക്ഷേ അതിനേയും പരാജയപ്പെടുത്തുന്ന രൂപത്തിലാണ് നമ്മുടെ സംസ്ഥാനത്ത് വാഹനങ്ങളുടെ വർദ്ധന. അതുകൊണ്ട് റോഡ് ടാക്സ് പിരിവ്കൊണ്ടു മാത്രമായി ഈ റോഡുകൾ വികസിപ്പിക്കാൻ സാധിക്കില്ല. അതിന് നമ്മൾ മറ്റ് തരത്തിൽ, റോഡ് എന്നുള്ളത് കെ. എസ്. ആർ. ടി. സി. ചില ഘട്ടങ്ങളിൽ നഷ്ടത്തിൽ നടക്കുന്നതുപോലെ തന്നെ റോഡുകൾ എന്നുള്ളത് രാജ്യത്തിന്റെ ഒരു പ്രധാനപ്പെട്ട ആവശ്യം എന്നുള്ള നിലയ്ക്ക്, ഇതിനേക്കാൾ കൂടുതൽ ഫണ്ട് ചെലവഴിക്കാൻ സാധിക്കേണ്ടത് അതിനാണ്. കേന്ദ്ര ഗവൺമെന്റിന്റെയും മറ്റും സഹായം നേടിക്കൊണ്ട് റോഡിന്റെ വികസനത്തിന് മാത്രമായി പ്രത്യേക നടപടികൾ നമ്മൾ സ്വീകരിക്കേണ്ടിവരും. അതിന് ഈ കാശു കൊണ്ടുമാത്രം സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ജോണി നെല്ലൂർ : വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കാൻ കുറേയേറെ നടപടികൾ സ്വീകരിക്കുന്നതായി മന്ത്രി പറയുകയുണ്ടായി. വിദേശ രാജ്യങ്ങളിലൊക്കെ അമിത വേഗതയിൽ ഓടുന്ന വണ്ടികളുടെ ഫോട്ടോ എടുത്ത് അത് ഏത് വാഹനമാണെങ്കിലും അപ്പോൾത്തന്നെ കണ്ടുപിടിക്കാനുള്ള ക്രമീകരണങ്ങളുണ്ട്. കേരളത്തിൽ അതുപോലൊരു സംവിധാനം നടപ്പാക്കുന്നതിനെ കുറിച്ച് ഗൗരവമായി ആലോചിക്കുമോ ; അങ്ങനെ എന്തെങ്കിലും ആലോചന ഇതിനോടകം നടത്തിയിട്ടുണ്ടോ ?

ശ്രീ. സി. കെ. നാണു : കേരളത്തിൽ അമിത വേഗത്തിൽ ഓടുന്ന വാഹനങ്ങൾ കണ്ടുപിടിക്കുന്നതിനും അവയുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനും പുതിയ പുതിയ മാർഗ്ഗങ്ങളൊക്കെ നമ്മൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ കാലത്തെ പല റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരില്ല.

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കാൻ ആളില്ല എന്നൊരു ആക്ഷേപമുണ്ടായി. പല അപകടങ്ങളും ഉണ്ടായതിനുശേഷം സംസ്ഥാനത്ത് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും ഗവൺമെന്റും നിയോഗിച്ച അന്വേഷണ കമ്മിഷന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അമിതവേഗത നിയന്ത്രിക്കുന്നതിന് കൂടുതൽ ജീവനക്കാരെ ചുമതലപ്പെടുത്തണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തി. പോലീസും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും ഒരുമിച്ച് ചേർന്ന് ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സംയുക്തമായി ആരംഭിച്ചുകഴിഞ്ഞു. കുറേശ്ശെയായി ഇതിന് ഫലം കണ്ടുകൊണ്ടിരിക്കുന്ന അവസരത്തിൽ ദൗർഭാഗ്യകരമായ ചില അപകടങ്ങൾ ചില പ്രദേശങ്ങളിലുണ്ടായി. കൂടുതൽ ആളുകൾ മരണപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാകുന്നു. പക്ഷേ മൊത്തത്തിൽ വലിയ ആക്സിഡന്റിന്റെ തോത് ഈയടുത്ത കാലത്തായി കുറഞ്ഞുവന്നതാണ്. പക്ഷേ ചിലതിൽ പത്തും പതിനഞ്ചും ആളുകളൊക്കെ മരിക്കുമ്പോൾ മൊത്തത്തിലുള്ള മരണസംഖ്യ വർദ്ധിക്കുന്നു എന്നുള്ളതാണ്. അമിത വേഗത നിയന്ത്രിക്കുന്ന കാര്യത്തിൽ കുറേശ്ശെ അതിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോൺ ഫെർണാണ്ടസ് : ഇവിടെ അമിതവേഗതയാണ് അപകടകാരണമെന്നുള്ള വാദഗതി ഉയർന്നുവന്നിട്ടുണ്ട്. അത് തികച്ചും തെറ്റാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം റോഡുകളുടെ ഇന്നുള്ള ശോചനീയാവസ്ഥയും അതുപോലെ അവശ്യം വേണ്ട സൗകര്യങ്ങൾ ഇല്ലാത്തതുമാണ് ഒരു പ്രധാനപ്പെട്ട കാര്യം. അതുപോലെതന്നെ വാഹനങ്ങൾ ഓടിക്കുമ്പോൾ വാഹനങ്ങൾക്ക് ആവശ്യമായ സിഗ്നൽ സംവിധാനങ്ങൾ പലപ്പോഴും ഉണ്ടാകാറില്ല. രാത്രികാല അപകടങ്ങളിൽ പലതും ഈ സിഗ്നൽ സംവിധാനത്തിന്റെ അപര്യാപ്തതമൂലമാണ്. പലപ്പോഴും കൂട്ടിയിടിയും മറ്റും ഉണ്ടാകുന്നുണ്ട്. ഇതെല്ലാം നിയന്ത്രിക്കപ്പെട്ടാൽ മാത്രമാണ് അപകടങ്ങൾ കുറയ്ക്കാൻ കഴിയുന്നത്. ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം പരിസ്ഥിതി കമ്മിറ്റി ബഹുമാനപ്പെട്ട ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്മേൽ ഏതെങ്കിലും തരത്തിലുള്ള തീരുമാനമെടുക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് വ്യക്തമാക്കുമോ ?

ശ്രീ. സി. കെ. നാണു : ഇപ്പോൾ ആലപ്പുഴ മുതൽ ആലുവാവരെയുള്ള റോഡിൽ 2 ഡിവൈഡേഴ്സ് ഉള്ളതുകൊണ്ട് ആ ഭാഗത്തെ ആക്സിഡന്റ് കുറഞ്ഞുവരികയാണ്. വൺവേ റോഡിന്റെ സൈഡിൽ ഇങ്ങനെയൊക്കെ വയ്ക്കുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നുണ്ട്. റോഡ് സുരക്ഷയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ അത്തരം പ്രശ്നങ്ങൾ എല്ലാം നോക്കേണ്ടതാണ്. കോർപ്പറേഷനുകൾ ട്രാഫിക്കിന്റെ പുതിയ സംവിധാനങ്ങളെക്കുറിച്ചൊക്കെ ആലോചിക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ച പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതാണ്.

ശ്രീ. നാലകത്തു സൂപ്പി : ഓരോ റോഡ് അപകടങ്ങൾ ഉണ്ടാകുമ്പോഴും അന്വേഷിക്കാൻ കമ്മീഷനെ വയ്ക്കുകയും അവർ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. ആ റിപ്പോർട്ടുകൾ പിന്നീട് പരിശോധിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ കൊടുത്ത പല നിർദ്ദേശങ്ങളും തീരുമാനങ്ങളും നടപടികളുമുണ്ട്. അതൊന്നും നടപ്പിലാകുന്നില്ല. ഗൾഫ് രാജ്യങ്ങളിലെ പോലെ നമ്മുടെ രാജ്യത്തെ

പ്രൈവറ്റ് വാഹനങ്ങൾക്ക് സ്പീഡോമീറ്റർ വയ്ക്കാൻ സംവിധാനം ഉണ്ടാക്കണം. അപ്പോൾപ്പിന്നെ അമിതവേഗതയുടെ പ്രശ്നം ഉണ്ടാകുന്നില്ല. സ്പീഡോമീറ്ററും റഡാറും മറ്റും എല്ലാ ജില്ലകളിലെയും വാഹനങ്ങളിൽ ഘടിപ്പിക്കാനുള്ള സംവിധാനം ഉണ്ടാകുമോ ?

ശ്രീ. സി. കെ. നാണു : റഡാറുകൾ എല്ലാ ജില്ലകളിലും അനുവദിക്കാൻ തീരുമാനമുണ്ട്. പുതിയ 5 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. സ്പീഡോമീറ്ററിന്റെ കാര്യം പരിശോധിക്കാം. കേരളത്തെപ്പോലെയുള്ള ദരിദ്ര രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ നമ്മുടെ വരുമാനത്തിനനുസരിച്ച് ചെലവഴിക്കാൻ സാധിക്കുന്ന ഫലപ്രദമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ എന്തെല്ലാമാണോ പ്രത്യേകമായി ചെയ്യാൻ സാധിക്കുന്നത് അതൊക്കെ ചർച്ചചെയ്ത് തീരുമാനിക്കാം.

കാട്ടാന വേട്ടയ്ക്കെതിരെ നടപടി

3 (*124) ശ്രീ. എൻ. കണ്ണൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. ദാസൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാനകളെ കൊന്ന് ആനക്കൊമ്പ് മോഷ്ടിക്കുന്ന വേട്ടക്കാർക്ക് എതിരെ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ പല കാടുകളിലും ആനവേട്ടക്കാർ ആനകളെ കൊന്ന് കൊമ്പ് കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിൽ ഉൾപ്പെട്ടിട്ടുള്ള ആനവേട്ടക്കാർക്ക് കർശനമായ ശിക്ഷ നൽകാൻ വൈൽഡ് ലൈഫ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുമോ ;

(ഡി) ആനവേട്ടയിൽ ഏർപ്പെടുന്ന അന്തർ സംസ്ഥാനസംഘങ്ങളെ കണ്ടുപിടിക്കുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുമോ ;

(ഇ) ആനവേട്ട സംബന്ധിച്ച് സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(എഫ്) ഇവയിൽ എത്ര കേസുകളിൽ പ്രതികൾക്കെതിരെ ശിക്ഷ വിധിച്ചിട്ടുണ്ട് ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇത്തരം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആനവേട്ടക്കാർക്ക് കർശനമായ ശിക്ഷ നൽകാൻ നിലവിലുള്ള വന്യജീവി (സംരക്ഷണം) നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly